(ബി) ഉണ്ടെങ്കിൽ എന്തു തുക ലഭിച്ചു ;

(സി) എന്തെല്ലാം വ്യവസ്ഥകൾ പ്രകാരമാണ് പ്രസ്തുത തുക നൽകിയത് ;

(ഡി) ഈ തുക ഉപയോഗിച്ച് വച്ചുപിടിപ്പിച്ച മരങ്ങൾ വില്പന നടത്തി എന്തു തുക ലഭിച്ചു ;

(ഇ) ഈ പദ്ധതിക്കുവേണ്ടി ലഭിച്ച തുകയിൽ നാളിതുവരെ എത്ര തുക തിരിച്ചു നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1983-1984-ൽ തുടങ്ങി 1992-1993-ൽ അവസാനിച്ച ലോകബാങ്ക് സഹായത്തോടുകൂടി നടപ്പിലാക്കിയ സാമൂഹ്യവനവൽക്കരണ പദ്ധതിക്ക് 60.30 കോടി രൂപ കേന്ദ്ര സർക്കാർ മുഖേന ധനസഹായം ലഭിച്ചിട്ടുണ്ട്.

(സി) ധനസഹായം ലഭിച്ച തുകയ്ക്ക് പലിശ നൽകേണ്ടതില്ല. എന്നാൽ തിരിച്ചടയ്ക്കേണ്ട തുകയ്ക്ക് ആദ്യത്തെ 20 വർഷം ½ ശതമാനവും അതിനു ശേഷം 1½ ശതമാനവും സർവ്വീസ് ചാർജ് നൽകേണ്ടതുണ്ട്. തിരിച്ചടയ്ക്കേണ്ട തുക 1994, ആഗസ്റ്റ് 15-ാം തീയതി മുതൽ 2034 ഫെബ്രുവരി വരെയുള്ള കാലയളവിൽ അർദ്ധവാർഷിക ഗഡുക്കളായി കേന്ദ്ര സർക്കാരാണ് തിരിച്ചടയ്ക്കേണ്ടത്. ഈ വായ്പ കേരള സർക്കാർ നേരിട്ട് സ്വീകരിച്ചതല്ല. മറിച്ച് കേന്ദ്രസർക്കാർ മുഖേന ലഭ്യമായതാണ്.

(ഡി) ഈ തുക ഉപയോഗിച്ച് വച്ചുപിടിപ്പിച്ച മരങ്ങൾ വിൽപ്പന നടത്തിയതിൽ 7,68,31,977 രൂപ ലഭിച്ചു.

(ഇ) ഈ പദ്ധതിയിൻമേൽ എടുത്ത തുക തിരിച്ചടയ്ക്കുന്നത് കേന്ദ്ര സർക്കാരാണ്.

വന്യജീവി സെൻസസ് റിപ്പോർട്ട്

113 (1909) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2003-ൽ നടത്തിയ വന്യജീവി സെൻസസ് സംബന്ധിച്ച് റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പ്രതി ലഭ്യമാക്കുമോ ;

(ബി) ഇല്ലെങ്കിൽ എന്നത്തേക്ക് ആയത് പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) 2003-ലെ വന്യജീവികളുടെ കണക്ക് പ്രകാരം സംസ്ഥാനത്ത് 14 വന്യ ജീവി സങ്കേതങ്ങളിലോരോന്നിലേയും ആന, കടുവ എന്നിവയുടേയും മറ്റു വന്യജീവികളുടേയും എണ്ണത്തെ കുറിച്ച് വന്യജീവി സങ്കേതം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് 2003-ൽ വന്യജീവി സെൻസസ് നടത്തിയിട്ടില്ല.

(ബി) ദേശീയതലത്തിൽ വന്യജീവി സെൻസസ് സാധാരണ നാലുവർഷത്തിലൊരിക്കൽ മാത്രമേ നടത്താറുള്ളൂ. എന്നാൽ ടൈഗർ സെൻസസ് ടൈഗർ റിസർവുകളിൽ എല്ലാ വർഷവും വന്യജീവി സങ്കേതങ്ങളിൽ രണ്ടു വർഷത്തിലൊരിക്കലും നടത്തി വരുന്നുണ്ട്. അവസാനമായി 2002-ൽ ആണ് വന്യജീവി സെൻസസ് നടത്തിയിട്ടുള്ളത്. 2002-ലെ സെൻസസ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. സ്റ്റേറ്റ് ബോർഡ് ഓഫ് വൈൽഡ് ലൈഫ്-ന്റെ അംഗീകാരം ലഭിച്ചതിനു ശേഷമേ റിപ്പോർട്ട് പ്രസീദ്ധികരിക്കുകയുള്ളൂ.

(സി) ചോദ്യം ഉദിക്കുന്നില്ല.

പക്ഷിസങ്കേതങ്ങളുടെ സംരക്ഷണത്തിനും സുരക്ഷിതത്വത്തിനും നടപടി

114 (1911) ശ്രീ. എ. സുജനപാൽ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പക്ഷിസ ങ്കേതങ്ങളുണ്ട് ;

(ബി) അവ എവിടെയെല്ലാം ; ഓരോ പക്ഷി സങ്കേതത്തിലും ഏതെല്ലാം ഇനത്തിലുള്ള പക്ഷികൾക്കാണ് പ്രാമുഖ്യം ഉള്ളതെന്നു പറയുമോ ;

(സി) പ്രസ്തുത പക്ഷി സങ്കേതങ്ങളുടെ സംരക്ഷണത്തിനും സുരക്ഷിതത്വത്തിനും വേണ്ടി എന്തെല്ലാം അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഒന്ന്.

(ബി) കോതമംഗലത്തിനടുത്തുള്ള തട്ടേക്കാടാണ് സംസ്ഥാനത്തുള്ള ഏക പക്ഷി സങ്കേതം. 270 ഇനം പക്ഷികളെയാണ് തട്ടേക്കാട് പക്ഷി സങ്കേതത്തിൽ കണ്ടു വരുന്നത്. ഇവയിൽ നീർകാക്ക, വേഴാമ്പൽ, മൂങ്ങ, മക്കാച്ചിക്കാട, പരുന്തു വർഗ്ഗത്തിലെ പക്ഷികൾ എന്നിവയ്ക്കാണ് പ്രാമുഖ്യം.

(സി) നിലവിലുള്ള വന്യജീവി നിയമവും വനസംരക്ഷണ നിയമവും കർശനമായി നടപ്പിലാക്കുന്നതിന് വാർത്താ വിനിമയ സൗകര്യം, ആന്റി പോച്ചിങ് ക്യാമ്പുകൾ, ആവശ്യമുള്ള ആയുധങ്ങൾ നൽകിക്കൊണ്ടുള്ള പട്രോളിംഗ്, പൊതുജനങ്ങൾക്ക് ജൈവവൈവിധ്യത്തെക്കുറിച്ച് ബോധവൽക്കരണത്തിനായി പ്രകൃതിപഠന ക്യാമ്പുകൾ, സെമിനാറുകൾ എന്നിവ നടത്തി വരുന്നു. കൂടാതെ ആവാസവ്യവസ്ഥയെ കാട്ടുതീ, വനം കയ്യേറ്റം എന്നിവയിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള പ്രത്യേക പദ്ധതികളും നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly